വളം.

*൫൩. (൩൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

എത്ര ടൺ വളം ചിങ്ങവനത്തു കൊണ്ടുപോയി ഇന്നവരെ ശവമ്മെണ്ടു മിക്സ് ചെയ്തിച്ചു പുറത്തുവിട്ടിട്ടുണ്ടെന്നും ടൺ ഒന്നിനു എത്ര റേറിൽ ആണ് മിക്സ് ചെയ്തിച്ചതെന്നും, ആ ഇനത്തിൽ എത്ര രൂപ ശവമ്മെണ്ടിനു ചിലവു വന്നിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള)

൧൩—൧—൧൯ മുതൽ ചിങ്ങവനത്തുനിന്നും ൧൧,൩൧,൦൧൪. വളം മിക്സ് ചെയ്യിപ്പിച്ചിട്ടുണ്ട്. ടൺ ഒന്നിനു ൧൫ രൂപാ ൧൫ അണ നിരക്കിൽ ആണ് മിക്സ് ചെയ്യിപ്പിച്ചതു്. ൧,൩൫,൫൫ ൭—൩—൩൫ രൂപാ ഇതിലേക്ക് ആകെ ചിലവുവന്നിട്ടുണ്ട്.

കരിഞ്ചന്ത.

*൫൭. (൭൦) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രിവൻറീവ് ഡിറൻഷൻ ആക്ടനുസരിച്ചു ഈ സംസ്ഥാനത്തു എത്ര കരിഞ്ചന്തക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ജാമ്യത്തിൽവിട്ടു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൩.

(ബി) പ്രിവൻറീവ് ഡിറൻഷൻ ആക്ട് പ്രകാരം തടങ്കലിൽ വച്ചിട്ടുള്ളവരെ ജാമ്യത്തിൽ വിടുവാൻ പാടുള്ളതല്ല.

നെല്ലുവില

*൫൮. (൭൧) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

നെല്ലുവില ക്രമാതീതമായി വർദ്ധിക്കാതിരിക്കുന്നതിനു ശവമ്മെണ്ടിൽ നിന്നും വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

നെല്ലുവില ശവമ്മെണ്ടിന്റെ നിയന്ത്രണത്തിലായതുകൊണ്ടു ക്രമാതീതമായി വർദ്ധിക്കുവാൻ വഴിയില്ല.

തടവുകാർ.

*൫൯. (൭൨) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെൻട്രൽ ജയിലിലെ തടവുകാർക്കു് അനുവദിച്ചിട്ടുള്ള എല്ലാ അവകാശങ്ങളും ഇപ്പോഴും അവർ അനുഭവിക്കുന്നുണ്ടോ;

(ബി) വല്ല പുതിയ നിയമങ്ങളും ജയിലിൽ അടുത്തകാലത്തു നടപ്പിൽ വരുത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly